നഗരസഭാദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ ഒരു യോഗം തിരുവനന്തപുരത്ത് 3-7-2003-ൽ ചേരുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയുമുണ്ടായി.

(ബി) "ക്ലീൻ കേരള പദ്ധതി" യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതാണ്.

**ടൗൺഷിപ്പായി പ്രഖ്യാപിക്കുവാൻ ആവശ്യമായ ഘടകങ്ങൾ**

**93 (3047)** ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ടൗൺഷിപ്പുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ടൗൺഷിപ്പായി പ്രഖ്യാപിക്കുവാൻ ആവശ്യമായ ഘടകങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ഘടകങ്ങൾ എല്ലാം ഉള്ള പഞ്ചായത്തുകൾ ടൗൺഷിപ്പായി പ്രഖ്യാപിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ടൗൺഷിപ്പുകൾ ഇല്ല.

(ബി) ടൗൺഷിപ്പുകൾ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകളൊന്നും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

**ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനം**

**94 (3048)** ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനത്തിന് ഇതുവരെ എന്ത് ചെലവ് വന്നിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി കേന്ദ്രഗവൺമെന്റ് എന്ത് തുക നൽകിയിട്ടുണ്ട് ;

(സി) ഈ പദ്ധതിയുടെ പ്രവർത്തനം എത്ര ശതമാനം ഇതുവരെ പൂർത്തിയാക്കി ;

LIBRARY ARCHIVES Kerala Legislative Assembly